നമ്പർ: ജി (2)35306/2015

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, 9/2/2016.
E-mail: keralarcs.coop@kerala.gov.in
Website : www.cooperation.kerals.gov.in

## സർക്കുലർ നമ്പർ 04/2016

വിഷയം: സഹകരണ സ്ഥാപനങ്ങളുടെ പൊതു നന്മ/പൊതു ഫണ്ട് ഉപയോഗിച്ച് സർക്കാർ സ്കൂളുകളിൽ ശുചിമുറി നിർമ്മിക്കുന്നത് - സംബന്ധിച്ച്.

സൂചന: ബഹു: സഹകരണ വകുപ്പ് മന്ത്രി, ശ്രീ സി.എൻ. ബാലകൃഷ്ണൻ 14/7/2015 ന് നിയമസഭയിൽ നടത്തിയ പ്രഖ്യാപനം.

സാമൂഹിക പ്രതിബദ്ധത സഹകരണ പ്രസ്ഥാനത്തിന്റെ പ്രധാന തത്വങ്ങളിൽ ഒന്നാണ്. നിറഞ്ഞ മനസ്സോടെ പ്രതിഫലേച്ഛയില്ലാതെ സമൂഹത്തിനോ സാമൂഹിക ഘടകങ്ങൾക്കോ നന്മ ചെയ്യുന്ന ഏതൊരു ചെറിയ പ്രവൃത്തിയും സാമൂഹ്യ സേവനമാണ്. തങ്ങളാൽ കഴിയുന്ന സേവനങ്ങൾ സമൂഹത്തിനായി ചെയ്യുകയെന്നത് സഹകരണ മേഖല പാലിച്ചുവരുന്ന സ്വധർമ്മത്തിന്റെ ഭാഗമാണ്. നമ്മുടെ കുട്ടികൾ പഠിക്കുന്ന കലാലയങ്ങളിലെ ശുചിമുറികളുടെ അപര്യാപ്തത/ശോച്യാവസ്ഥ നമുക്ക് അറിവുള്ളതാണ്. മനുഷ്യരുടെയും ലോകത്തിന്റെയും നന്മയ്ക്കായി നിലകൊള ളുന്ന സഹകരണ പ്രസ്ഥാനത്തിന്റെ സാമൂഹ്യപ്രതിബദ്ധതയുടെ ഭാഗമായി നല്ല രീതിയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ പൊതു നന്മ/പൊതു ഫണ്ട് ഉപയോഗിച്ച് സംഘം പ്രവർത്തന പരിധിയിലുള്ള, ശുചിമുറി ഇല്ലാത്ത/അപര്യാപ്തമായ ഒരു സർക്കാർ സ്കൂളിൽ മികച്ച ശുചിമുറി നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന് ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രി ശ്രീ. സി.എൻ. ബാലകൃഷ്ണൻ നിയമസഭയിൽ പ്രഖ്യാപിക്കുകയുണ്ടായി. മേൽ സാഹചര്യത്തിൽ കാലാലയങ്ങളിൽ അവശ്യം വേണ്ട ശുചിമുറികൾ നിർമ്മിച്ച് നല്കി പരിപാലിക്കുന്ന പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെട്ട സഹകരണ സ്ഥാപനങ്ങൾ പങ്കാളികളാകുവാൻ താൽപര്യപ്പെടുന്നു. അതിലേയ്ക്ക് ചുവടെപറയും പ്രകാരം നിർദ്ദേശങ്ങൾ നൽകുന്നു.

1. സംസ്ഥാനത്തെ അപ്പക്സ് സഹകരണ സ്ഥാപനങ്ങൾ, ജില്ലാ സഹകരണ ബാങ്കുകൾ, അർബൻ സഹകരണ ബാങ്കുകൾ, സൂപ്പർഗ്രേഡ്/സ്പെഷ്യൽ ഗ്രേഡ്/ക്ളാസ്സ് I പ്രാഥമിക സഹകരണ സംഘങ്ങൾ, പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകൾ, സാമ്പത്തിക ഭദ്രതയുള്ള മറ്റ് സഹകരണ

സ്ഥാപനങ്ങൾ എന്നിവർക്ക് തങ്ങളുടെ പ്രവർത്തന പരിധിയിലുള്ളതും, ശുചിമുറികൾ ഇല്ലാത്തതോ/അപര്യാപ്തമായതോ ആയ ഒരു സർക്കാർ സ്കൂളിൽ, ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വേണ്ടി പ്രത്യേകം ശുചിമുറികൾ നിർമ്മിച്ച് നൽകാവുന്നതാണ്.

2. മേൽപ്രകാരം ശുചിമുറികൾ നിർമ്മിക്കുന്നതിന് ആവശ്യമായ ചെലവുകൾ ടി സ്ഥാപനങ്ങൾ സ്വരൂപിച്ചിട്ടുള്ള പൊതുനന്മാ ഫണ്ടിൽ നിന്നോ പൊതു ഫണ്ടിൽ നിന്നോ ചെലവഴിക്കത്തക്കവിധം തുക വിനിയോഗിക്കുവാൻ അനുവാദം നൽകുന്നു.

3. ശുചിമുറികൾ നിർമ്മിക്കുന്നതിന് ആവശ്യമായ സ്കെച്ചും പ്ളാനും, പത്മശ്രീ. ജി.ശങ്കർ, B.Arch, AIIA, MS(UK) അവർകൾ തയ്യാറാക്കി അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ളത് സ്വീകരിക്കാവുന്നതാണ്.

4. മേൽപ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി നന്നായി പ്രവർത്തിക്കുന്ന ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങളെയോ ബാങ്ക് ഭരണസമിതിയും സ്കൂൾ പി.റ്റി.എ. കമ്മിറ്റിയും ചുമതലപ്പെടുത്തുന്ന ഉപസമിതി നേരിട്ടോ അല്ലെങ്കിൽ ഉപസമിതി ചുമതലപ്പെടുത്തുന്നവരെ ക്കൊണ്ടോ കുറഞ്ഞ ചെലവിൽ നിർമ്മിക്കാവുന്നതാണ്.

5. മേൽപ്രകാരം നിർമ്മിക്കപ്പെടുന്ന ശുചിമുറികൾ എല്ലാ ദിവസവും ശുചിയായി പരിപാലിക്കപ്പെടുന്നതിന് സ്കൂൾ പി.റ്റി.എ. കമ്മിറ്റിയ്ക്ക് ഫണ്ടില്ലെങ്കിൽ ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങൾ ഒരു നിശ്ചിത തുക പരിപാലന ചില വായി പി.റ്റി.എ.യ്ക്ക് നല്കാവുന്നതുമാണ്.

6. മേൽപ്രകാരം നിർമ്മിക്കുന്ന ശുചിമുറികൾക്ക് ഭാവിയിൽ വാർഷിക അറ്റകുറ്റ പണികൾ ആവശ്യമായി വരികയാണെങ്കിൽ ടി സഹകരണ സ്ഥാപനങ്ങൾക്ക് തന്നെ ആയത് ഏറ്റെടുത്ത് നിർവ്വഹിക്കാവുന്നതാണ്.

7. ഓരോ ജില്ലയിലും മേൽപ്രകാരമുള്ള പദ്ധതിയിൽ പങ്കാളിയായിക്കൊണ്ട് നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാൻ താൽപര്യമുള്ള സഹകരണ സ്ഥാപനങ്ങളുടെ പേരും മേൽവിലാസവും ശുചിമുറികൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന സ്കൂളുകളുടെ പേര് വിവരവും ഉൾപ്പെടെയുള്ള പട്ടിക ആദ്യഘ

ട്ടമെന്നനിലയിൽ ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാർമാർ ശേഖരിച്ച് സഹകരണ സംഘം രജിസ്ട്രാറെ ഇ-മെയിൽ (keralarcs.coop@kerala.gov.in)ആയോ കത്തു മുഖേനയോ അറിയിക്കേണ്ടതാണ്.

8. ഈ പദ്ധതിയുടെ താലൂക്ക്തല പ്രവർത്തനങ്ങൾ ഏകോപിക്കുന്നതിനും മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനും താലൂക്ക്തല കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. കമ്മിറ്റിയുടെ അദ്ധ്യക്ഷനായി സർക്കിൾ സഹകരണ യൂണിയൻ ചെയർമാനെയും കമ്മിറ്റി അംഗങ്ങളായി പഞ്ചായത്ത്/മുനിസിപ്പാലിറ്റി അംഗങ്ങൾ, താലൂക്കിലെ പ്രമുഖ സഹകാരികൾ, സഹകരണ സംഘം/ ബാങ്ക് പ്രസിഡന്റുമാരുടെ പത്രിനിധികൾ, സ്കൂൾ പ്രിൻസിപ്പാൾ/ഹെഡ്മാസ്റ്റർ, സഹകരണ സംഘം ജീവനക്കാരുടെ പ്രതിനിധി എന്നിവരെയും കമ്മിറ്റിയുടെ കൺവീനറായി താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)റെയും ചുമതലപ്പെടുത്താവുന്നതാണ്. മേൽപ്രകാരം താലൂക്ക്തല കമ്മിറ്റികൾ രൂപീകരിച്ചു കൊണ്ട് ജില്ലാ ജോയിന്റ് രജിസ്ട്രാർമാർ ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

9. സംഘങ്ങൾക്ക് എപ്പോൾ വേണമെങ്കിലും ഈ പദ്ധതിയുമായി ബന്ധപ്പെട്ട് സ്കൂളുകളിൽ ശുചിമുറി നിർമ്മിച്ച് നൽകുന്നതിന് തടസ്സമില്ലാത്തതാണ്. പദ്ധതിയുടെ പുരോഗതി സംബന്ധിച്ച റിപ്പോർട്ട് ജില്ലാ ജോയിന്റ് രജിസ്ട്രാർമാർ ഓരോ മൂന്ന് മാസത്തിലൊരിക്കൽ രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്.

10. ഈ പദ്ധതി നടപ്പിലാക്കുന്നതിന് സംഘങ്ങളെ തെരഞ്ഞടുത്തുകൊണ്ട് ജില്ലാതലത്തിൽ ഉത്ഘാടനകർമ്മം നിർവ്വഹിക്കാവുന്നതാണ്. നിർമ്മാണം പൂർത്തിയായാൽ സഹകരണ സംഘത്തിന്റെ പേര് വിവരം ഉൾപ്പെടെ പ്രദർശിപ്പിക്കുന്ന ഫലകം കെട്ടിടത്തിൽ സ്ഥാപിക്കേണ്ടതാണ്.

ഈ പദ്ധതി യഥായോഗ്യം നടപ്പിലാക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതാണ്.

ഒപ്പ്/-


എസ്. ലളിതാംബിക ഐ.എ.എസ്.

സഹകരണസംഘം രജിസ്ട്രാർ

പകർപ്പ്:

1) സഹകരണ ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
2) പ്രസിഡന്റ്/ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, എല്ലാ അപ്പക്സ് സഹകരണ സ്ഥാപനങ്ങളും
3) പ്രസിഡന്റ് & ജനറൽ മാനേജർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകളും
4) ചെയർമാൻ, എല്ലാ സർക്കിൾ സഹകരണ യൂണിയനുകളും
5) എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും
6) എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും
7) പ്രസിഡന്റ് & ചീഫ് എക്സിക്യൂട്ടീവ്, എല്ലാ അർബൻ സഹകരണ ബാങ്കുകൾ, പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകൾ, പ്രാഥമിക സഹകരണ ബാങ്കുകൾ/സംഘങ്ങൾ- (അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) മുഖേന)
8) എല്ലാ താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർമാർക്കും
9) എല്ലാ താലൂക്ക് അസിസ്റ്റന്റ് ഡയറക്ടർമാർക്കും
10) സ്റ്റോക് ഫയൽ, സ്പെയർ

OPTION 1






AREA- 350 SQ.FT


CO-OPERATIVE DEPARTMENT
GOVERNMENT OF KERALA

Habitat
TECHNOLOGY GROUP
POOJAPPURA
THIRUVANANTHAPURAM-12

OPTION 2









LADIES TOILET

AREA - 260 SQ.FT





GENTS TOILET


AREA - 320 SQ.FT

CO-OPERATIVE DEPARTMENT
GOVERNMENT OF KERALA

Habitat
TECHNOLOGY GROUP
POOJAPPURA
THIRUVANANTHAPURAM-12

OPTION 3






AREA - 480 SQ.FT

CO-OPERATIVE DEPARTMENT
GOVERNMENT OF KERALA

Habitat
TECHNOLOGY GROUP
POOJAPPURA
THIRUVANANTHAPURAM-12